"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിട്ടൂർ തടി ഡിപ്പോയിൽ നിന്നും ബി ക്ലാസ് ഇനത്തിൽപ്പെട്ട തടികൾ മോഷണം പോയെന്ന പരാതി - വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ. കൊച്ചുകോശി ക്കെതിരായ അച്ചടക്ക നടപടി - കുറ്റവിമുക്തനാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.101/2020/വനം തിരുവനന്തപുരം, തീയതി, 08/05/2020

---

പരാമർശം:- (1) 12.06.2017-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-15858/17 നമ്പർ കത്ത്

(2) 12.09.2018-ലെ FWLD-A1/59/17-FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ്</u>

പെരുമ്പാവൂർ ടിമ്പർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വിട്ടൂർ സർക്കാർ ഡിപ്പോയിൽ നിന്നും തടികൾ മോഷണം പോയതുമായി ബന്ധപ്പെട്ട് ഡിപ്പോ ജീവനക്കാർ നടപടിയെടുത്തുവെങ്കിലും യഥാർത്ഥ വാഹനം കണ്ടെടുക്കുന്നതിലും പ്രതികളിൽ ചിലരെ ഒഴിവാക്കിയതായും പരാതി ലഭിച്ചു. പ്രസ്തുത പരാതിയിന്മേൽ വനം വകുപ്പിന്റെ ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ടി സംഭവത്തിൽ പ്രതികളും ജീവനക്കാരും തമ്മിൽ ധാരണയുള്ളതായി കണ്ടെത്തുകയും റെയിഞ്ച് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. നഷ്ടമായ തടികൾ ഉരുപ്പടികളായി കണ്ടെത്തിയിരുന്നു. ടി തടികൾ ഉരുപ്പടികളാക്കിയപ്പോൾ 7,536/- രൂപയുടെ കൺവർഷൻ ലോസ് സംഭവിച്ചതായും തിട്ടപ്പെടുത്തിയിട്ടുണ്ട്.

2) അന്നത്തെ റെയിഞ്ച് ഓഫീസറായിരുന്ന ശ്രീ.കെ.കൊച്ചുകോശി വിരമിച്ചതിനാൽ ടിയാനെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തു. തുടർന്ന് സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 1,884/- രൂപ കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 കുറിപ്പ് 2 പ്രകാരം ശ്രീ. കൊച്ചുകോശിയുടെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ച് പരാമർ ശം ( 2 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടിയാൻ വിശദീകരണം സമർപ്പിക്കാത്തതിനെ തുടർന്ന് സ്വന്തം ഭാഗം വിശദീകരിക്കുന്നതിന് ന്യായയുക്തമായ അവസരം നൽകുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

3) വിട്ടൂർ സർക്കാർ തടി ഡിപ്പോയിൽ ടിയാൻ ചാർജെടുക്കുന്നതിനും ഒരു മാസം മുൻപ് നടന്ന സംഭവത്തിന്മേൽ അന്വേഷണം നടത്തി തൊണ്ടിയും പ്രതികളെയും കണ്ടെത്തുകയും വാഹനം

പിടിച്ചെടുക്കുകയും ചെയ്തിട്ടുള്ളതായും ശ്രീ.കൊച്ചുകോശി ഹിയറിംഗിൽ ബോധിപ്പിക്കുകയുണ്ടായി.

4) നേരിൽ കേൾക്കുന്ന വേളയിൽ ടിയാൻ ഉന്നയിച്ച വാദങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും വിശദമായി പരിശോധിച്ചു. ശ്രീ.കൊച്ചുകോശി 13.06.2013 മുതൽ 31.05.2016 വരെയാണ് വിട്ടൂർ തടി ഡിപ്പോയിൽ ജോലി നോക്കിയിട്ടുള്ളത്. ടിയാൻ ചാർജെടുക്കുന്നതിനും ഒരു മാസം മുൻപാണ് തടി മോഷണം പോയിട്ടുള്ളത്. ആയത് അന്വേഷണം നടത്തി തൊണ്ടിയും പ്രതികളെയും വാഹനവും കണ്ടെത്തിയത് ടിയാന്റെ നേതൃത്വത്തിലായിരുന്നു.

5) ഈ സാഹചര്യത്തിൽ ശ്രീ.കൊച്ചുകോശി, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ശ്രീ.കൊച്ചുകോശിയുടെ പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം.
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.കൊച്ചുകോശി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.05.08 12:40 IST
Reason: Approved
സെക്ഷൻ ഓഫീസർ